**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3417** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാഠപുസ്തക പരിഷ്കരണത്തിൽ പങ്കാളിത്തമുള്ളവരുടെ സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ പങ്കാളിത്തമുള്ള അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും മക്കൾ പൊതുവിദ്യാലയത്തിലാണ് പഠിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | മുൻകാലങ്ങളിൽ സ്കൂൾ പാഠപുസ്തക രചനയിൽ പങ്കെടുത്ത് കഴിവ് തെളിയിച്ചവരെയോ പാഠപുസ്തകരചനയിൽ അഭിരുചിയും കഴിവും ഉള്ളവരെയോ ആണ് പാഠപുസ്തക രചനാസമിതിയിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നത്. പൊതുവിദ്യാലയങ്ങളിൽ പഠിപ്പിച്ചവരോ വിരമിച്ചവരോ ആയ ഈ അധ്യാപകർ പൊതുവിദ്യാലയങ്ങളോട് മമതയും മറ്റും ഉള്ളവരാണ് എന്നതാണ് പൊതു ബോധ്യം. ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ കോളേജുകൾ, യൂണിവേഴ്സിറ്റികൾ, ശാസ്ത്ര-സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയിൽ പ്രവർത്തിക്കുന്നവരെയോ വിരമിച്ചവരെയോ ആണ് വിദഗ്ധരായി നിയോഗിക്കുന്നത്. പാഠപുസ്തക രചനാ സമിതിയിലെ അംഗങ്ങളുടെയും വിദഗ്ധരടെയും മക്കൾ പൊതുവിദ്യാലയത്തിലാണ് പഠിക്കുന്നതെന്ന് ഉറപ്പ വരുത്തുന്ന വിഷയത്തിൽ സർക്കാരിന് പ്രായോഗികമാ യി പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ